**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 852 28.04.2017 -ൽ മറുപടിക്ക്**

**വഴിമുക്ക് - കളിയിക്കാവിള റോഡിനു വീതി കൂട്ടാൻ സ്ഥലം ഏറ്റെടുക്കുന്ന നടപടി**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ.കെ. ആൻസലൻ** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) വഴിമുക്ക് മുതൽ കളിയിക്കാവിള വരെ വീതികൂട്ടാൻ ഉദ്ദേശിക്കുന്ന നാഷണൽ ഹൈവേയ്ക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടി എന്തായി എന്നറിയിക്കാമോ;<br>(ബി) വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള എൻ എച്ച് -ന്റെ പുതിയ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ;<br>(സി) വഴിമുക്ക് മുതൽ കളിയിക്കാവിള വരെ ഉള്ള എൻ.എച്ചിന്റെ നിർമ്മാണം 2017-18-ൽ ആരംഭിക്കാൻ കഴിയുമോ;<br>(ഡി) മേൽപ്പറഞ്ഞ പദ്ധതി എത്ര വർഷം പൂർത്തികരിക്കാൻ കഴിയും എന്ന് വിശദീകരിക്കാമോ? | (എ) & (ബി) & (സി) & (ഡി) കരമന – കളിയിക്കാവിള ദേശീയപാതയുടെ രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായുള്ള വഴിമുക്ക് (കി.മീ 575/500) മുതൽ കളിയിക്കാവിള (കി.മീ 599/000) വരെയുള്ള 17 കി.മീറ്റർ റോഡിന്റെ കരട് അലൈൻമെന്റ് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. സാധ്യതാപഠനത്തിനു ശേഷം അതിലെ നിർദ്ദേശങ്ങളും, ജംഗ്ഷൻ ഡിസൈനും ഉൾപ്പെടുത്തി ഫൈനൽ അലൈൻമെന്റ് തയ്യാറാക്കുന്ന നടപടി അവസാന ഘട്ടത്തിലാണ്. ഫൈനൽ അലൈൻമെന്റിന് അംഗീകാരം നൽകിയതിനു ശേഷം മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിനും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനും കഴിയുകയുള്ളൂ. |

S. Brindha

**സെക്ഷൻ ഓഫീസർ**